# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## കാരുണ്യത്തിന്റെ നിലപാടും സമകാലീന വീക്ഷണവുമായി മെത്രാന്മാരുടെ സിനഡ് സമ്മേളനം



സിനഡിന്റെ റിപ്പോർട്ട് -2015 ഒക്ടോബർ 6-ാം തിയതി നടന്ന 3-ാ മത് പൊതുസമ്മേളനങ്ങളെക്കുറിച്ച് (General Congregations):
കുടുംബങ്ങളെ സംബന്ധിച്ച മെത്രാന്മാരുടെ 14-ാമത് സാധാരണ സിനഡ് ഒക്ടോബർ 7-ാം തിയതി ബുധനാഴ്ച ചെറിയ ഗ്രൂപ്പ് ചർച്ചകളിലേയ്ക്ക് പ്രവേശിച്ചു.
ഒക്ടോബർ 5, 6, തിങ്കൾ, ചൊവ്വ ദിവസങ്ങളിലായി നടന്ന 1, 2, 3, പൊതുസമ്മേളനങ്ങളിൽ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളിൽ (Part I Instrumentum Laboris)െ ഗാർഹികപീഡനം, ബഹുഭാര്യത്വം, തലമുറകളുടെ വിശ്വാസരൂപവത്കരണം, കുടുംബങ്ങളെ ബാധിക്കുന്ന കുടിയേറ്റപ്രതിഭാസം, യുദ്ധം, ആഭ്യന്തരകലാപങ്ങൾ എന്നീ വിഷയങ്ങൾ പൊതുസമ്മേളനങ്ങളിലെ മെത്രാന്മാരുടെ അഭിപ്രായ പ്രകടനങ്ങളിൽ പൊന്തിവന്നതായി പരിശുദ്ധ സിംഹാസനത്തിന്റെ വക്താവ്, ഫാദർ ഫെദറിക്കോ ലൊമ്പാർഡി ഒക്ടോബർ 6-ാം തിയതി ചൊവ്വാഴ്ച റോമിൽ നടത്തിയ വാർത്താസമ്മേളനത്തിൽ വിശദീകരിച്ചു.
വിവാഹത്തെക്കുറിച്ചുള്ള സഭയുടെ പ്രാമാണികസിദ്ധാന്തത്തെക്കുറിച്ച് (Catholic Doctrine of the Sacrament of Marriage) കഴിഞ്ഞവർഷം ഒക്ടോബറിൽ നടന്ന മെത്രാന്മാരുടെ പ്രത്യേകസിനഡു സമ്മേളനം പഠിച്ചതാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടിയതായി ഫാദർ ലൊമ്പാർഡി വ്യക്തമാക്കി.
ആവർത്തിച്ചുകേൾക്കുന്ന, വിവാഹമോചിതർക്ക് ദിവ്യകാരുണ്യം നല്കുന്ന പ്രശ്നത്തിൽ ചർച്ചകൾ കുടുങ്ങിപ്പോകരുതെന്നും, അത് സൈദ്ധാന്തികനിലപാടിനെ (Doctrine) ബാധിക്കുന്നില്ലെന്നും, പരമ്പരാഗതമായ സഭയുടെ ചട്ടങ്ങളിൽ പെടുന്നതാണ് അതെന്നും (Discipline) അദ്ധ്യക്ഷപദത്തിൽ അധികവും മൗനമായിരുന്ന പാപ്പാ സമ്മേളനത്തെ ഓർമ്മപ്പെടുത്തിയതായി ഫാദർ ലൊമ്പാർഡി പറഞ്ഞു.
സഭയുടെ ആസന്നമാകുന്ന കാരുണ്യത്തിന്റെ ജൂബിലി വർഷത്തിൽ വിട്ടുവീഴ്ചയുടെയും മാപ്പുനല്കലിന്റെയും സാകല്യഭാവം അല്ലെങ്കിൽ സകലരെയും ഉൾക്കൊള്ളുകയും ആശ്ലേഷിക്കുകയും ചെയ്യുന്ന ക്രിയാത്മകമായ മനോഭാവവും നിലപാടും സഭ സ്വീകരിക്കണമെന്ന അഭിപ്രായം പൊതുസമ്മേളനത്തിൽ പൊന്തിവന്നതായും ഫാദർ ലൊമ്പാർഡി വെളിപ്പെടുത്തി.
'സ്വവർഗ്ഗ വിവാഹിതർ' എന്ന് വിളിക്കപ്പെടുന്ന കൂട്ടരും നമ്മുടെ മക്കളും സഹോദരങ്ങളുമാണെന്ന കാഴ്ച്ചപ്പാടിൽ അവരോടുള്ള സമീപനത്തിൽ സഭ കാരുണ്യത്തിന്റെ നിലപാടു കൈക്കൊള്ളണമെന്ന

അഭിപ്രായവും പൊതുസമ്മേളനത്തിലെ ചർച്ചകളിൽ പ്രകടമായിരുന്നെന്ന് വാർത്താസമ്മേളനത്തിൽ ഫാദർ ലൊമ്പാർഡി വ്യക്തമാക്കി.
'കുടുംബങ്ങളുടെ വിളിയും ദൗത്യവും സഭയിലും സമകാലീനലോകത്തും' (The call and mission of the family in the church and in the contemporary world), എന്ന വിഷയം ചർച്ച ചെയ്യാനാണ് ഒക്ടോബർ 4-മുതൽ 25-വരെ തിയതികളിൽ മെത്രാന്മാരുടെ സിനഡ് വത്തിക്കാനിൽ സമ്മേളിച്ചിരിക്കുന്നത്.